പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2607 28-10-2026-ൽ മറുപടിയ്ക്ക്

ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ. പുതിയ കെട്ടിട നിർമ്മാണവും നൈപുണ്യ വികസന പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എം. എ. റസാഖ് മാസ്റ്റർ	ശ്രീ. ഷിബു ബേബി ജോൺ (വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചാത്തമംഗലം ഐ.ടി.ഐ.ക്ക് വേണ്ടി നിലവിൽ പണി പുരോഗമിക്കുന്ന കെട്ടിടത്തിന് പുറമെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 6.485 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്.

(ബി) ചാത്തമംഗലം ഐ.ടി.ഐ.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനുമായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ യുവജനങ്ങളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി നൈപുണ്യ വികസന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

മറുപടി: കുന്ദമംഗലം നിയോജകമണ്ഡലത്തിൽ യുവജനങ്ങളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ പ്രവർത്തിച്ചു വരുന്നു. അതോടൊപ്പം കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവ വഴി വിവിധ നൈപുണ്യ പരിശീലനങ്ങൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ